# Joint Call on Prime Minister by National Security Advisers / Secretaries of Security Councils attending the "Delhi Regional Security Dialogue on Afghanistan”

November 10, 2021

---

**"അഫ്ഗാനിസ്ഥാൻ സംബന്ധിച്ചുള്ള ഡൽഹി പ്രാദേശിക സുരക്ഷാ സംവാദത്തിൽ" പങ്കെടുക്കുന്നതിനായി ദേശീയ സുരക്ഷാ ഉപദേഷ്ടാക്കൾ / സെക്യൂരിറ്റി കൗൺസിലുകളുടെ സെക്രട്ടറിമാർ പ്രധാനമന്ത്രിയുമായി കൂടികാഴ്ച നടത്തി**

നവംബർ 10, 2021

ദേശീയ സുരക്ഷാ ഉപദേഷ്ടാവ് ശ്രീ അജിത് ഡോവൽ ആതിഥേയത്വം വഹിച്ച അഫ്ഗാനിസ്ഥാനെ സംബന്ധിച്ചുള്ള പ്രാദേശിക സുരക്ഷാ സംവാദത്തിനായി ഡൽഹിയിലെത്തിയ ഏഴ് രാജ്യങ്ങളിലെ ദേശീയ സുരക്ഷാ കൗൺസിൽ മേധാവികൾ , സംഭാഷണം പൂർത്തിയാക്കിയ ശേഷം ഒരുമിച്ച് പ്രധാനമന്ത്രി ശ്രീ നരേന്ദ്രമോദിയെ സന്ദർശിച്ചു.

തങ്ങളുടെ പരാമർശങ്ങളിൽ ഇറാൻ, കസാക്കിസ്ഥാൻ, കിർഗിസ്ഥാൻ, റഷ്യ, താജിക്കിസ്ഥാൻ, തുർക്ക്മെനിസ്ഥാൻ, ഉസ്ബെക്കിസ്ഥാൻ എന്നീ രാജ്യങ്ങളെ പ്രതിനിധീകരിച്ച മുതിർന്ന സുരക്ഷാ ഉദ്യോഗസ്ഥർ, സംവാദം സംഘടിപ്പിക്കുന്നതിൽ മുൻകൈ എടുക്കുന്നതിനും അഭിപ്രായ കൈമാറ്റങ്ങളിലെ ഗുണനിലവാരത്തിലും ഇന്ത്യ അഭിനന്ദിച്ചു. അഫ്ഗാൻ സാഹചര്യത്തെക്കുറിച്ചുള്ള തങ്ങളുടെ രാജ്യങ്ങളുടെ കാഴ്ചപ്പാടുകളും അവർ അറിയിച്ചു.

മഹാമാരി ഉയർത്തുന്ന വെല്ലുവിളികൾക്കിടയിലും ഡൽഹി സുരക്ഷാ സംവാദത്തിൽ മുതിർന്ന പ്രമുഖർ പങ്കെടുത്തതിനെ പ്രധാനമന്ത്രി അഭിനന്ദിച്ചു.

എല്ലാവരെയും ഉൾപ്പെടുത്തുന്ന ഒരു ഗവൺമെന്റിന്റെ ആവശ്യകത; അഫ്ഗാൻ പ്രദേശം തീവ്രവാദ ഗ്രൂപ്പുകൾ ഉപയോഗിക്കുന്നതിനോട് സഹിഷ്ണുതയില്ലാത്ത നിലപാട്; അഫ്ഗാനിസ്ഥാനിൽ നിന്നുള്ള മയക്കുമരുന്നുകളുടെയും ആയുധങ്ങളുടെയും കടത്ത് തടയാനുള്ള തന്ത്രം; അഫ്ഗാനിസ്ഥാനിലെ വർദ്ധിച്ചുവരുന്ന നിർണായകമായ മാനുഷിക പ്രതിസന്ധിയെ അഭിസംബോധന ചെയ്യുത്തിന്റെ ആവശ്യകത എന്നിങ്ങനെ

അഫ്ഗാനിസ്ഥാന്റെ പശ്ചാത്തലത്തിൽ മേഖലയിലെ രാജ്യങ്ങൾ ശ്രദ്ധ കേന്ദ്രീകരിക്കേണ്ട നാല് വശങ്ങൾ അദ്ദേഹം ഊന്നിപ്പറഞ്ഞു:

മധ്യേഷ്യയുടെ മിതത്വത്തിന്റെയും പുരോഗമന സംസ്കാരത്തിന്റെയും പാരമ്പര്യങ്ങളെ പുനരുജ്ജീവിപ്പിക്കാനും തീവ്രവാദ പ്രവണതകളെ ചെറുക്കാനുമായി  പ്രാദേശിക സുരക്ഷാ സംവാദം പ്രവർത്തിക്കാനാകുമെന്ന് പ്രധാനമന്ത്രി പ്രത്യാശ പ്രകടിപ്പിച്ചു.

**ന്യൂ ഡെൽഹി**

**നവംബർ 10, 2021**

DISCLAIMER: This is an approximate translation. The original is available in English on MEA’s website and may be referred to as the official press release.